2024 FEBRUARY
02
FRIDAY
Special Issue-e Paper
E-mail: societytodaynews@gmail.com

# സൊസൈറ്റി ടുഡേ

OJUSET capsules
ഓജസെറ്റ് ക്യാപ്സൂൾ
SINCE 1995

## ബജറ്റ് 2024

### പ്രധാന പ്രഖ്യാപനങ്ങൾ

- സബ്കാ സാഥിലൂടെ പാവപ്പെട്ടവരെ ശാക്തീകരിക്കും
- ജിഎസ്ടി നിർവഹണ ഭാരം കുറച്ചു
- 40,000 ട്രെയിൻ ബോഗികൾ വന്ദേ ഭാരത് നിലവാരത്തിലാക്കും
- ഒരു കോടി കുടുംബങ്ങൾക്ക് പ്രതിമാസം 300 യൂണിറ്റ് വരെ സൗജന്യ വൈദ്യുതി
- അഞ്ച് വർഷത്തിനകം രണ്ട് കോടി വീടുകൾ കൂടി ഏറ്റെടുക്കും
- മൂലധന ചെലവ് 11,11,111 കോടി രൂപയാക്കും
- സാങ്കേതിക അഭിനിവേശമുള്ള യുവാക്കൾക്ക് സഞ്ചിത നിധി
- കൂടുതൽ മെഡിക്കൽ കോളജുകൾ ആരംഭിക്കും
- മൂലധന ചെലവ് 11,11,111 കോടി രൂപയാക്കും
- നികുതി മാറ്റം ഇല്ല
- ധവളപത്രം ഇറക്കും

# ലക്ഷ്യം സമഗ്ര വികസനം



**ന്യൂഡൽഹി:** മൊത്ത ആഭ്യന്തര ഉൽപ്പാദനത്തിന്റെ കാര്യത്തിൽ ഉയർന്ന വളർച്ചയ്ക്ക് പുറമേ, കൂടുതൽ സമഗ്രമായ ജിഡിപിയിൽ അതായത്, എല്ലാവരെയും ഉൾകൊള്ളുന്ന ജനകേന്ദ്രീകൃത വികസനത്തിലൂന്നിയുള്ള ഭരണം, വികസനം, പ്രകടനം എന്നിവയിൽ കേന്ദ്ര സർക്കാർ ശ്രദ്ധ കേന്ദ്രീകരിക്കുന്നതായി കേന്ദ്ര ധനകാര്യ മന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. 2024ലെ ഇടക്കാല കേന്ദ്ര ബജറ്റ് പാർലമെന്റിൽ അവതരിപ്പിക്കുകയായിരുന്നു അവർ.'പൗരന് പ്രഥമ പരിഗണന', 'മിനിമം ഗവൺമെന്റ്, മാക്സിമം ഗവേണൻസ്' സമീപനത്തോടെ സുതാര്യവും ഉത്തരവാദിത്തമുള്ളതും ജനകേന്ദ്രീകൃതവും ത്വരിതവും വിശ്വാസത്തിലധിഷ്ഠിതവുമായ ഭരണമാണ് സർക്കാർ കാഴ്ച്ച വച്ചതെന്ന് കേന്ദ്ര ധനമന്ത്രി പറഞ്ഞു.ജനങ്ങളുടെ ശരാശരി പണപ്പെരുപ്പംഅധിഷ്ട്ടിതമായ വരുമാനം 50 ശതമാനം വർദ്ധിച്ചതായി കേന്ദ്ര ധനമന്ത്രി പറഞ്ഞു;

പണപ്പെരുപ്പം മിതമാണ്; പരിപാടികളുടെയും വലിയ പദ്ധതികളുടെയും കാര്യക്ഷമവും സമയബന്ധിതവുമായ നിർവ്വഹണം സാധ്യമായിട്ടുണ്ട്.

കഴിഞ്ഞ 10 വർഷക്കാലത്തെ ബഹുമുഖ സാമ്പത്തിക നിർവ്വഹണം, ജനകേന്ദ്രീകൃത്യമായ സമഗ്രമായ വികസനം പൂർത്തീകരിച്ചിട്ടുണ്ടെന്നും ധനമന്ത്രി പറഞ്ഞു. കഴിഞ്ഞ 10 വർഷങ്ങളായി സംരംഭകത്വം,അനായാസകരമായ ജീവിതം, അന്തസ്സ് എന്നിവയിലൂടെ സ്ത്രീ ശാക്തീകരണത്തിന് ആക്കം കൈവന്നുവെന്നും കേന്ദ്ര മന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു.വനിതാ സംരംഭകർക്ക് മുപ്പത് കോടിയുടെ മുദ്രാ യോജന വായ്പകൾ നൽകിയിട്ടുണ്ടെന്നും അവർ പറഞ്ഞു. പത്തുവർഷത്തിനിടെ ഉന്നതവിദ്യാഭ്യാസ രംഗത്തെ വനിതാ പ്രവേശനം ഇരുപത്തിയെട്ട് ശതമാനം വർധിച്ചു.

# ഇന്ത്യൻ സേനയ്ക്ക് കരുത്തായി യുഎസ് ഡ്രോണുകൾ എത്തും; 4 ബില്യൺ ഡോളർ ഇടപാടിന് അനുമതി



**വാഷിങ്ടൺ:** എംക്യു9ബി സീ ഗാർഡിയൻ ഡ്രോണുകൾ ഇന്ത്യയ്ക്ക് വിൽക്കാൻ അനുമതി നൽകി യുഎസ് ഭരണകൂടം. നാല് ബില്യൺ ഡോളറിന്റെ (ഏകദേശം 33000 കോടിയോളം രൂപ) കരാറിനാണ് ഡിഫൻസ് സെക്യൂരിറ്റി കോഓപ്പറേഷൻ ഏജൻസി അനുമതി നൽകിയത്. 2023 ജൂണിൽ പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ വാഷിങ്ടൺ സന്ദർശനത്തിന് ഒരാഴ്ച മുമ്പാണ് പ്രതിരോധ മന്ത്രാലയം ഡ്രോണുകൾ വാങ്ങാൻ തീരുമാനിച്ചത്. ആകെ 31 ആക്രമണ ഡ്രോണുകളാണ് ഇന്ത്യ വാങ്ങുക. 15 സീ ഗാർഡ് ഡ്രോണുകൾ നാവിക സേനയ്ക്കും വ്യോമ, കരസേനകൾക്ക് എട്ട് വീതം ഡ്രോണുകളും വിതരണം ചെയ്യുമെന്നാണ് കരാർ. ഇന്ത്യൻ മഹാസമുദ്രത്തിൽ പതിയിരിക്കുന്ന അന്തർവാഹിനികളെ കണ്ടെത്താനും അവയെ പിന്തുടരാനും എംക്യു9ബി സീ ഗാർഡിയൻ !ഡ്രോണുകൾ വഴി കഴിയും. അത്യാധുനിക സാങ്കേതിക സംവിധാനങ്ങൾ അടങ്ങിയ ഡ്രോണുകൾ പ്രതിരോധമേഖലയിൽ ഇന്ത്യയ്ക്ക് മുതൽക്കൂട്ടാകും. നിലവിൽ 12 പി8ഐ എയർക്രാഫ്റ്റുകളാണ് നാവിക സേനയുടെ കൈവശമുള്ളത്.

സിഖ് വിഘടനവാദി ഗുരുപട്വന്ത് പന്നു വധശ്രമ കേസിൽ സത്യസന്ധമായ അന്വേഷണം നടക്കാതെ ഡ്രോൺ കരാറുമായി അമേരിക്ക സഹകരിക്കില്ലെന്ന വാർത്തകൾ രാജ്യാന്തര മാധ്യമങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നു. വിഷയത്തിലെ യാഥാർഥ്യം കണ്ടെത്തി ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ ഇന്ത്യ നടപടികൾ സ്വീകരിക്കണമെന്ന് ഇന്ത്യൻ വംശജരായ അഞ്ച് യുഎസ് കോൺഗ്രസ് അംഗങ്ങൾ പുറത്തിറക്കിയ പ്രസ്താവന പുറത്തുവന്നിരുന്നു.



# വാഹന പ്രചരണ ജാഥ ഇന്ന്

**കൊച്ചി:**കേരള വ്യാപാരി വ്യവസായി ഏകോപന സമിതി സംസ്ഥാന പ്രസിഡന്റ് രാജു അപ്സര നയിക്കുന്ന വ്യാപാര സംരക്ഷണ യാത്രയ്ക്ക് ഐക്യദാർഢ്യം പ്രഖ്യാപിച്ച് ഏകോപന സമിതി യൂത്ത് വിംഗ് എറണാകുളം നിയോജകമണ്ഡലം കമ്മിറ്റിയുടെ നേതൃത്വത്തിൽ ഇന്ന് (ഫെബ്രുവരി 02)

വാഹന പ്രചരണ ജാഥ നടത്തും. യൂത്ത വിംഗ് സംസ്ഥാന സെക്രട്ടറിയും എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റുമായ പ്രദീപ് ജോസിന്റെ നേതൃത്വത്തിൽ കലൂർ ടി നസറുദ്ദീൻ സ്മൃതി മണ്ഡപത്തിൽ നിന്ന് രാവിലെ 9.30 ന് ആരംഭിക്കുന്ന ജാഥ ഏകോപന സമിതി എറണാകുളം നിയോജകമണ്ഡലം പ്രസിഡന്റ് എം.സി പോൾസൺ ഉദ്ഘാടനം ചെയ്യും. മണ്ഡലത്തിലെ 15 ലധികം കേന്ദ്രങ്ങളിൽ സ്വീകരണം ഏറ്റുവാങ്ങി ഇടപ്പള്ളി കുന്നുംപുറം ജംഗ്ഷനിൽ വൈകിട്ടോടെ ജാഥ സമാപിക്കും.യൂത്ത് വിംഗ് ജില്ലാ പ്രസിഡന്റ് കെ.എസ് നിഷാദ് സമാപന സമ്മേളനം ഉദ്ഘാടനം ചെയ്യും.




# കൊച്ചി മെട്രോയിൽ ഗ്രാഫിറ്റിയുമായി ജർമൻ കലാകാരൻ

**കൊച്ചി:** ലോകമെമ്പാടും സഞ്ചരിച്ചു ഗ്രാഫിറ്റി ഒരുക്കുന്ന ജർമൻ സ്വദേശി പീറ്റർ ക്ലാർ തന്റെ സഞ്ചാരത്തിന്റെ ഭാഗമായി കൊച്ചിയിലെത്തിയപ്പോഴാണ് കെ എം ആർ എല്ലുമായി ചേർന്ന് ജോസ് ജംഗ്ഷനിലെ ഓപ്പൺ എയർ തിയേറ്ററിൽ ഗ്രാഫിറ്റി ഒരുക്കിയത്. ഭിത്തിയിൽ കൊച്ചി മെട്രോയുടെ നിറങ്ങളിൽ ആറ് ദിവസം കൊണ്ട് പീറ്റർ ഗ്രാഫിറ്റി ഒരുക്കി.

ജർമനിയിൽ നിന്നും മുംബൈയിൽ നിന്നും കൊണ്ടുവന്ന ചായങ്ങൾ ഉപയോഗിച്ചാണ് ഗ്രാഫിറ്റി. കൊച്ചി മെട്രോയുടെ ട്രെയിൻ ...അതിനൊപ്പം പീറ്റർ അംഗമായ ഡിസൈൻ കളക്ടീവിന്റെ ചിഹ്നവും. കൊച്ചി മെട്രോ ഇഷ്ടപ്പെട്ടുവെന്നും തിരികെ പോകുന്നതിന് മുൻപായി വാട്ടർ മെട്രോ ടെർമിനലിലും ഗ്രാഫിറ്റി ഒരുക്കാൻ ശ്രമിക്കുമെന്നും പീറ്റർ പറഞ്ഞു. കൊച്ചി ഡിസൈൻ വീക്കിന്റെ കളർ കൊച്ചി ക്യാമ്പെയിനുമായി കൈകോർത്താണ് പീറ്ററിന്റെ ഗ്രാഫിറ്റ് വർക്ക്.

ആദ്യമായാണ് കേരളത്തിൽ ഗ്രാഫിറ്റി ചെയ്യുന്നതെന്നും തന്റെ കലയ്ക്ക് മികച്ച സ്വീകരണമാണ് ഇവിടെ ലഭിക്കുന്നതിനും പീറ്റർ പറയുന്നു. ജർമനിയിൽ കിച്ചൻ മാനേജർ ആയി ജോലി ചെയ്യുന്ന പീറ്റർ അവിടെ ശീതകാലമാകുമ്പോഴാണ് തന്റെ കലയുടെ പ്രചരണാർത്ഥം വിവിധ രാജ്യങ്ങൾ സന്ദർശിക്കുന്നത്.കുറഞ്ഞ ദിവസങ്ങൾക്കുള്ളിൽ ആകർഷകമായ ഗ്രാഫിറ്റി ഒരുക്കിയ പീറ്ററിനെ കെ എം ആർ എൽ മാനേജിങ് ഡയറക്ടർ ലോക്നാഥ് ബെഹ്റ, കൊച്ചി മേയർ അഡ്വക്കേറ്റ് എം അനിൽകുമാർ എന്നിവർ അഭിനന്ദിച്ചു.പൊതുജനങ്ങൾക്ക് ഒത്തുകൂടുവാനും പരിപാടികൾ സംഘടിപ്പിക്കുവാനും കൊച്ചി മെട്രോ ഒരുക്കിയ ഓപ്പൺ എയർ തിയേറ്റർ കൂടുതൽ മനോഹരമാക്കാൻ സഹായിച്ച പീറ്ററിന് കൊച്ചി മെട്രോ ജനറൽ മാനേജർ ജോ പോൾ നന്ദി അറിയിച്ചു. കൊച്ചി ഡിസൈൻ വീക്കുമായി ചേർന്ന് കൊച്ചിയിലെ വിവിധയിടങ്ങൾ നിറമുള്ളതാക്കാൻ ഒരുങ്ങുന്ന പീറ്ററിന്റെ യാത്ര ഇനി നേപ്പാളിലേക്കാണ്.

# സെമിനാർ ഫെബ്രുവരി 3 ന്

**തൃശൂർ:** ജില്ലാ കയർ പ്രോജക്ട് ഓഫീസിന്റെ നേതൃത്വത്തിൽ കയർ ഭൂവസ്ത്ര വിതാനം പദ്ധതി ജില്ലാതല ഏകദിന സെമിനാർ ഫെബ്രുവരി 3 ന് രാവിലെ 11 മണിക്ക് ചെമ്പുക്കാവ് വ്യാപാരഭവൻ കോൺഫറൻസ് ഹാളിൽ പി. ബാലചന്ദ്രൻ എംഎൽഎ ഉദ്ഘാടനം ചെയ്യും. കോർപ്പറേഷൻ ഡെപ്യൂട്ടി മേയർ എം.എൽ റോസി അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് ലത ചന്ദ്രൻ മുഖ്യാതിഥിയാവും. എംജിഎൻആർഇജിഎസ് ജോയിന്റ് ഡയറക്ടർ ആന്റ് പ്രോഗ്രാം കോഓർഡിനേറ്റർ എം.കെ ഉഷ മുഖ്യപ്രഭാഷണം നടത്തും. ജില്ലയിലെ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭകൾ, കോർപ്പറേഷൻ എന്നീ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ പ്രസിഡന്റ്, സെക്രട്ടറി, എം.ജി.എൻ.ആർ.ഇ.ജി.എസ് ഉദ്യോഗസ്ഥർ എന്നിവർ സെമിനാറിൽ പങ്കെടുക്കും.



# യൂറോപ്പിനു വേണ്ടി ഹൈബ്രിഡ് ഓഫ്ഷോർ കപ്പൽ; നിർമ്മാണം കൊച്ചി കപ്പൽശാല

**കൊച്ചി:** ഇന്ത്യയിലെ മുൻനിര കപ്പൽശാലയായ കൊച്ചിൻ ഷിപ്പ്യാർഡിന് യൂറോപ്പിൽ നിന്ന് പുതിയൊരു കപ്പൽ നിർമ്മാണ ഓർഡർ കൂടി ലഭിച്ചു. തീരത്ത് നിന്നും ഏറെ അകലെ സമുദ്രത്തിൽ പ്രവർത്തിക്കുന്ന സർവീസ് ഓപറേഷൻ വെസൽ (എസ്.ഒ.വി) വിഭാഗത്തിൽപ്പെടുന്ന ഹൈബ്രിഡ് കപ്പലാണ് യൂറോപ്യൻ കമ്പനിക്കു വേണ്ടി പുതുതായി കൊച്ചിയിൽ നിർമ്മിക്കുന്നത്. സമുദ്രമേഖലയിൽ നിലയുറപ്പിച്ച് കാറ്റിൽ നിന്ന് വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനാണ് ഈ കപ്പൽ ഉപയോഗിക്കുക. മറ്റൊരു കപ്പൽകൂടി നിർമ്മിച്ചു നൽകാനും കരാറിൽ വ്യവസ്ഥയുണ്ട്. നിലവിൽ ഇത്തരത്തിലുള്ള രണ്ട് കപ്പലുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.ലോകത്തിന്റെ ശ്രദ്ധ സുസ്ഥിര, പുനരുപയോഗ ഊർജ്ജത്തിലേക്ക് തിരിഞ്ഞതോടെ ആഗോള തലത്തിൽ ഓഫ്ഷോർ ഊർജ്ജോൽപ്പാദന മേഖല വികസിക്കുകയാണ്. ഈ രംഗത്തെ ആവശ്യങ്ങൾ നിറവേറ്റുന്ന പടക്കുതിരയാകും കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിക്കുന്ന ഈ ഹൈബ്രിഡ് സർവീസ് ഓപറേഷൻ വെസൽ. ഇത്തരം കപ്പലുകൽ നിർമ്മിക്കുന്നതിൽ വൈദഗ്ധ്യമുള്ള കപ്പൽശാലയാണ് കൊച്ചിൻ ഷിപ്പ്യാർഡ്. ഡീസലിനു പുറമെ വൈദ്യുതിയിലും പ്രവർത്തിക്കുന്ന ഈ കപ്പൽ പരിസ്ഥിതി മലിനീകരണം വൻതോതിൽ ലഘൂകരിക്കാനും സഹായിക്കും.

ഓഫ്ഷോർ ഊർജ്ജോൽപ്പാദന രംഗത്തെ പ്രവർത്തനാവശ്യങ്ങൾക്കും സേവനത്തിനും അറ്റക്കുറ്റപ്പണികൾക്കുമായി നോർവെയിലെ വാർഡ് എഎസ് ആണ് ഈ കപ്പൽ രൂപകൽപ്പന ചെയ്തതത്. ഹൈബ്രിഡ് ഇലക്ട്രിക് പ്രൊപ്പൽഷൻ സിസ്റ്റവും മൂന്ന് 1300 ഇകെഡബ്ല്യു ഡീസൽ ജനറേറ്റർ സെറ്റുകളുമാണ് ഈ കപ്പലിന് കരുത്ത് പകരുന്നത്. കൂറ്റൻ ലിഥിയം ബാറ്ററി പാക്കാണ് ഇതിലുള്ളത്. ഇത് വൻതോതിൽ കാർബൺ മലിനീകരണം കുറയ്ക്കാൻ സഹായിക്കുന്നു. മികച്ച സുരക്ഷാ സംവിധാനങ്ങളും സുഖസൗകര്യങ്ങളുമുള്ള ഈ കപ്പലിലെ പ്രധാന ക്യാബിനിൽ 54 ടെക്നീഷ്യൻമാരേയും ജീവനക്കാരേയും ഉൾക്കൊള്ളും.രണ്ടു പതിറ്റാണ്ടിലേറെയായി അന്താരാഷ്ട്ര കപ്പൽ നിർമ്മാണ രംഗത്ത് കൊച്ചിൻ ഷിപ്പ്യാർഡ് സജീവമാണ്. ഇതിനകം യുഎസ്എ, ജർമനി, നെതർലാൻഡ്സ്, നോർവെ, ഡെൻമാർക്ക്, മിഡിൽ ഈസ്റ്റ് എന്നിവിടങ്ങളിലേക്കായി 50ലധികം അത്യാധുനിക കപ്പലുകൾ കൊച്ചിൻ ഷിപ്പ്യാർഡ് നിർമ്മിച്ചു നൽകിയിട്ടുണ്ട്. ഓഫ്ഷോർ സപ്പോർട്ട് വെസലുകൾ നിർമ്മിക്കുന്നതിൽ കൊച്ചിൻ ഷിപ്പ്യാർഡ് ആഗോള തലത്തിൽ പേരെടുത്തിട്ടുണ്ട്. നോർവീജിയൻ കമ്പനിക്കു വേണ്ടി ഈയിടെ സ്വയംനിയന്ത്രിത ഇലക്ട്രിക് കാർഗോ ഫെറികൾ നിർമ്മിച്ചത് ഏറെ ശ്രദ്ധിക്കപ്പെട്ടിരുന്നു. ജർമൻ കമ്പനിക്കു വേണ്ടിയുള്ള എട്ട് മൾട്ടി പർപ്പസ് വെസലുകളുടെ നിർമ്മാണവും കൊച്ചി കപ്പൽശാലയിൽ പുരോഗമിക്കുകയാണ്.

പ്രതിരോധ ആവശ്യങ്ങൾക്കുള്ള കപ്പലുകൾ നിർമ്മിക്കുന്നതിലും കൊച്ചിൻ ഷിപ്പ്യാർഡ് മികവ് തെളിയിച്ചിട്ടുണ്ട്. ഇന്ത്യയിൽ ആദ്യമായി തദ്ദേശീയമായി വികസിപ്പിച്ച വിമാനവാഹിനി കപ്പൽ ഇന്ത്യൻ നാവിക സേനയ്ക്കു കൈമാറിയത് സമീപകാലത്താണ്. കൂടാതെ ആന്റി സബ്മറൈൻ യുദ്ധക്കപ്പലുകളും പുതുതലമുറ മിസൈൽ വെസലുകളും നിർമ്മിക്കാനുള്ള ഓർഡറും കൊച്ചി കപ്പൽശാലയ്ക്ക് ലഭിച്ചിട്ടുണ്ട്.

# വി മാക്സ് പോസ്റ്റ് പെയ്ഡ് പ്ലാനുകളിൽ സ്വിഗ്ഗി വൺ

**കൊച്ചി:** പ്രമുഖ ടെലികോം ഓപ്പറേറ്ററായ വി ഉപയോക്താക്കൾക്കായി വി മാക്സ് പോസ്റ്റ് പെയ്ഡ് പ്ലാനിൽ ഫുഡ് ഡെലിവറി പ്ലാറ്റ്ഫോമായ സ്വിഗ്ഗി അവതരിപ്പിച്ചു. വി മാക്സ് വ്യക്തിഗത, വി മാക്സ് ഫാമിലി പോസ്റ്റ് പെയ്ഡ് ഉപയോക്താക്കൾക്ക് അധിക ചിലവില്ലാതെ 2500 രൂപയിൽ കൂടുതൽ മൂല്യമുള്ള സ്വിഗ്ഗി വൺ അംഗത്വം ലഭ്യമാക്കുന്നു.

വി മാക്സ് പോസ്റ്റ് പെയ്ഡ് ഉപയോക്താക്കൾക്ക് 501 രൂപ, 701 രൂപ, 1101 രൂപയുടെ റെഡ്എക്സ് പ്ലാൻ കൂടാതെ 1001 രൂപ, 1151 രൂപയുടെ വി മാക്സ് ഫാമിലി പ്ലാനുകളിൽ അധിക നേട്ടങ്ങളിലൊന്നായ സ്വിഗ്ഗി വൺ അംഗത്വം ലഭ്യമാക്കുന്നുവെന്ന് അധികൃതർ വ്യക്തമാക്കി. വിനോദത്തിനായി ഓടിടി പ്ലാറ്റ്ഫോമുകളായ ആമസോൺ പ്രൈം, ഡിസ്നി+ ഹോട്ട്സ്റ്റാർ, സോണി ലൈവ്, സൺനെക്സ്റ്റ്, ട്രാവലിനായി ഈസ് മൈ ട്രിപ്പ്, സെക്യൂരിറ്റിയ്ക്കായി നോർട്ടൺ 360 മൊബൈൽ സെക്യൂരിറ്റി, ഫുഡിനായി ഈസിഡൈന്നറും പുതുതായി സ്വിഗ്ഗി വൺ അംഗത്വം തുടങ്ങിയ ആനുകൂല്യങ്ങൾ വി മാക്സ് വ്യക്തിഗത, വി മാക്സ് ഫാമിലി പോസ്റ്റ് പെയ്ഡ് ഉപയോക്താക്കൾക്ക് തിരഞ്ഞെടുക്കാം. ക്രെഡിറ്റ് പരിധി സജ്ജമാക്കുക, പ്രയോറിറ്റി കസ്റ്റമർ സർവീസ് എന്നീ ആനുകൂല്യങ്ങളും വി മാക്സ് പോസ്റ്റ് പെയ്ഡ് പ്ലാനുകളിൽ ലഭ്യമാകുമെന്നും അധികൃതർ വ്യക്തമാക്കി.

# ലാപ്ടോപ്പ് വിതരണം ചെയ്തു

**കൊല്ലം:** കോർപറേഷനിലെ ബി പി എൽ വിഭാഗത്തിൽപ്പെട്ട മത്സ്യതൊഴിലാളികളുടെ മക്കൾക്കുള്ള ലാപ്ടോപ്പ് വിതരണോദ്ഘാടനം മേയർ പ്രസന്ന ഏണസ്റ്റ് നിർവഹിച്ചു. മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ വിദ്യാർഥികളുടെ പഠനനിലവാരം ഉയർത്തുകയാണ് പദ്ധതിയുടെ ലക്ഷ്യമെന്ന് മേയർ പറഞ്ഞു. കോർപ്പറേഷന്റെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി 75 വിദ്യാർഥികൾക്ക് 29,22,000 രൂപ ചെലവഴിച്ചാണ് പദ്ധതി നടപ്പാക്കിയത്.

മത്സ്യത്തൊഴിലാളി/അനുബന്ധ മത്സ്യത്തൊഴിലാളി/മത്സ്യത്തൊഴിലാളി പെൻഷൻ കുടുംബങ്ങളിലെ ബിരുദ ബിരുദാനന്തര വിദ്യാർഥികളെയാണ് ആനുകൂല്യത്തിനായി പരിഗണിച്ചത്.

ഡെപ്യൂട്ടി മേയർ കൊല്ലം മധു അധ്യക്ഷനായി. എസ് ഗീതാകുമാരി, എസ് ജയൻ, സജീവ് സോമൻ, സുജാ കൃഷ്ണൻ, എസ് സവിതാ ദേവി, എഫ് ഇ ഒ സ്മിത, ഷാജു ജോർജ്, കൗൺസിലർമാർ, ഉദ്യോഗസ്ഥർ തുടങ്ങിയവർ പങ്കെടുത്തു.

# സ്വർണത്തിന്റെ ആവശ്യകതയും വിലയും വർധിപ്പിച്ചു

**കൊച്ചി:** വേൾഡ് ഗോൾഡ് കൗൺസിലിന്റെ ഗോൾഡ് ഡിമാൻഡ് ട്രെൻഡ്സ് റിപ്പോർട്ട് പ്രകാരം 2023 ൽ വാർഷിക സ്വർണ്ണ ഡിമാൻഡ് (ഒടിസി ഒഴികെ) 4,448ടൺ ആയി കുറഞ്ഞുവെന്നാണ് ചൂണ്ടികാണിക്കപ്പെടുന്നത്. എന്നാൽ 2022ൽ നിന്ന് 5%ത്തിന്റെ മാത്രം കുറവാണിത്.

എന്നാൽ ഒടിസി വിപണികളിൽ നിന്നും മറ്റ് സ്രോതസ്സുകളിൽ നിന്നുമുള്ള ആവശ്യകത വർദ്ധിപ്പിച്ചപ്പോൾ, മൊത്തം ആവശ്യകത ഉയർന്നു. 4,899 ടൺ എന്ന പുതിയ വാർഷിക റെക്കോർഡിലേക്ക് ഉയർന്നു. അവ്യക്തമായ കൂടുതൽ ആവശ്യകതാ ഉറവിടങ്ങളിൽ നിന്നുള്ള ഈ നിക്ഷേപം 2023ലെ ഏറ്റവും ഉയർന്ന വാർഷിക ശരാശരി സ്വർണ വില റെക്കോർഡ് നിരക്കിലെത്തുന്നതിന് സഹായകമായി.സെൻട്രൽ ബാങ്കിന്റെ വാങ്ങിക്കൽ പ്രവണത 2022 മുതൽ കുതിച്ചുയരുന്ന നിരക്കിൽ തുടർന്നിരുന്നു. കഴിഞ്ഞ വർഷത്തെ ആവശ്യകത, മുൻവർഷത്തെ അപേക്ഷിച്ച് 45 ടൺ മാത്രം കുറഞ്ഞ് 1,037 ടണ്ണായി, റെക്കോർഡിലെ രണ്ടാമത്തെ ഉയർന്ന സ്ഥാനത്തേക്കെത്തി. ശക്തമായ ഒടി,ി സെൻട്രൽ ബാങ്ക് ഡിമാൻഡ് എന്നിവയിൽ നിന്ന് വ്യത്യസ്തമായി, 2023ൽ 244 ടൺ ഇടിവ് രേഖപ്പെടുത്തി, യൂറോപ്പിലെ ഒഴുക്ക് ചിത്രത്തിൽ ആധിപത്യം പുലർത്തുന്നതോടൊപ്പം തുടർച്ചയായ മൂന്നാം വർഷവും ഇടിഎഫ് ഒഴുക്ക് തുടർന്നു, ബാർ, കോയിൻ നിക്ഷേപത്തിലേക്ക് തിരിയുമ്പോൾ, ചില വിപണികളിലെ ശക്തി മറ്റിടങ്ങളിലുണ്ടായ ബലഹീനത നികത്താനായി പ്രവർത്തിച്ചതിനാൽ ആവശ്യകതയിലുള്ള കുറവ് 3% മാത്രമായി താഴ്ന്നു. യൂറോപ്യൻ ആവശ്യകത വർഷാനുവർഷം 59% കുറഞ്ഞ് കുത്തനെ ഇടിഞ്ഞു.

ഈ ഇടിവ് കൊവിഡ് അനന്തരമുണ്ടായ ശക്തമായ വീണ്ടെടുക്കലിൽ ഇന്ത്യ (185 ടൺ), തുർക്കി (160 ടൺ), യുഎസ് (113 ടൺ) എന്നിവിടങ്ങളിലെ ശ്രദ്ധേയമായ വർധനവിനൊപ്പം ചൈനയിലെയും വാർഷിക ആവശ്യകത 28% ഉയർന്ന് 280 ടണ്ണിലേക്കെത്തിയതിലൂടെ നികത്തപ്പെട്ടു.വർഷാനുവർഷം 3 ടൺ ആവശ്യകത വർധിച്ചതിനാൽ റെക്കോർഡ്ഉയരത്തിലെത്തിയ വിലകൾക്കിടയിലും ആഗോള ആഭരണ വിപണിയുടെ ശ്രദ്ധേയമായ രീതിയിലുള്ള പ്രതിരോധം തെളിയിച്ചു. ആവശ്യകതയിൽ ഇന്ത്യയിലുണ്ടായ 9% കുറവ് പരിഹരിക്കുന്നതിൽ കോവിഡ്19 ലോക്ക്ഡൗണുകളിൽ നിന്ന് കരകയറി, സ്വർണ്ണത്തിന്റെ ആവശ്യകതയിൽ 17% വർദ്ധനവ് രേഖപ്പെടുത്തലിൽ ചൈന ഒരു പ്രധാന പങ്ക് വഹിച്ചു.ഖനി ഉത്പാദനം 2023ൽ താരതമ്യേന ഒരേ നിലവാരത്തിലായിരുന്നു, 1% മാത്രം വർധനവ്. പുനരുപയോഗം 9% വർദ്ധിച്ചു, ഇത് ഉയർന്ന സ്വർണ്ണ വില കണക്കിലെടുത്ത് പ്രതീക്ഷിച്ചതിനെക്കാൾ കുറവായിരുന്നു, ആകെ വിതരണത്തിൽ 3% വർദ്ധനവുണ്ടായിസെൻട്രൽ ബാങ്കുകളിൽ നിന്നുള്ള അചഞ്ചലമായ ആവശ്യകത 2023ലെ ആവശ്യകതയെ പത്ത് വർഷത്തെ ചലിക്കുന്ന ശരാശരിയേക്കാൾ മികച്ചതായി നിലനിർത്തിക്കൊണ്ട്, ഈ വർഷം ഒരിക്കൽ കൂടി സ്വർണ്ണ ആവശ്യകതയെ പിന്തുണയ്ക്കുകയും വിപണിയുടെ മറ്റ് മേഖലകളിലെ ബലഹീനത നികത്താൻ സഹായിച്ചതായി വേൾഡ് ഗോൾഡ് കൗൺസിലിലെ സീനിയർ മാർക്കറ്റ് അനലിസ്റ്റ് ലൂയിസ് സ്ട്രീറ്റ് അഭിപ്രായപ്പെട്ടു:സാമ്പത്തിക നയത്തിന് പുറമേ, ആഗോള രാഷ്ട്രീയ അനിശ്ചിതത്വവും പലപ്പോഴും സ്വർണ്ണ ആവശ്യകതയുടെ ഒരു പ്രധാന ചാലകമാണ്, 2024 ൽ ഇത് വിപണിയിൽ വ്യക്തമായ സ്വാധീനം ചെലുത്തുമെന്ന് പ്രതീക്ഷിക്കുന്നു. ലോകമെമ്പാടും നടക്കുന്ന സംഘട്ടനങ്ങളും വ്യാപാര പിരിമുറുക്കങ്ങളും 60ലധികം തിരഞ്ഞെടുപ്പുകളും നിക്ഷേപകരെ, സ്വർണ്ണത്തിന്റെ തെളിയിക്കപ്പെട്ട ട്രാക്ക് റെക്കോർഡും സുരക്ഷിതമായ ഒരു ആസ്തിയുമെന്ന നിലയിൽ സ്വർണ്ണത്തിലേക്ക് തിരിയുന്നത് പ്രോത്സാഹിപ്പിക്കാനിടയുണ്ടെന്നും അദ്ദേഹം വ്യക്തമാക്കി.



## ആഴക്കടലിന്റെ വിസ്മയക്കാഴ്ചകളുമായി സിഎംഎഫ്ആർഐ

**കൊച്ചി:** ആഴക്കടലിന്റെ വിസ്മയക്കാഴ്ചകളും കൗതുകമുണർത്തുന്ന കടലറിവുകളുമൊരുക്കി കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സിഎംഎഫ്ആർഐ) പൊതുജനങ്ങൾക്കായി ഇന്ന് തുറന്നിടും. സിഎംഎഫ്ആർഐയുടെ 77മത് സ്ഥാപക ദിനാചരണത്തിന്റെ ഭാഗമായാണ് ഓപ്പൺ ഹൗസ് പ്രദർശനം നടത്തുന്നത്.

വിവിധ ഗവേഷണവിഭാഗങ്ങൾ ഒരുക്കുന്ന പ്രദർശനം, കടൽജൈവവിധ്യങ്ങളുടെ അപൂർവ ശേഖരങ്ങളുള്ള മ്യൂസിയം, മറൈൻ അക്വേറിയം എന്നിവ സന്ദർശിക്കാനും വിദഗ്ധരുമായി ആശയവിനിമയം നടത്താനും അവസരമുണ്ടാകും.ഏറ്റവും മത്സ്യമായ തിമിംഗല സ്രാവ്, കടൽ മുയൽ, പറക്കും കൂന്തൽ, കടൽ വെള്ളരി, പലതരം കടൽ സസ്യങ്ങൾ, കടൽപാമ്പുകൾ, വിഷമത്സ്യങ്ങൾ തുടങ്ങി മൂവായിരത്തോളം സമുദ്ര ജൈവവൈവിധ്യങ്ങളുടെ ശേഖരമടങ്ങുന്നതാണ് സിഎംഎഫ്ആർഐയിലെ നാഷണൽ മറൈൻ ബയോഡൈവേഴ്സിറ്റി മ്യൂസിയം.കടലിൽ നിന്ന് പിടിക്കുന്ന ചെറുതും വലുതുമായ മത്സ്യങ്ങൾ, ചെമ്മീൻഞണ്ട്കക്കവർഗ്ഗയിനങ്ങൾ, സൂക്ഷ്മ ആൽഗകൾ, കടലിനടിയിലെ മുത്തുകൾ, കടൽകൃഷിയുമായി ബന്ധപ്പെട്ട നൂതനരീതികൾ, കണ്ടൽതൈകൾ തുടങ്ങിയവ പ്രദർശിപ്പിക്കും. കാഴ്ചകൾക്കൊപ്പം അവയുടെ ആവാസവ്യവസ്ഥയുമായി ബന്ധപ്പെട്ട വിവരങ്ങൾ മനസ്സിലാക്കാനും അവസരമുണ്ടാകും. സിഎംഎഫ്ആർഐയുടെ ഗവേഷണമേഖലകൾ അടുത്തറിയാനും സംശയനിവാരണത്തിനും പ്രദർശനം പ്രയോജനപ്പെടും. രാവിലെ 10 മുതൽ 4 വരെയാണ് ഓപൺ ഹൗസിന്റെ സമയം. പ്രവേശനം സൗജന്യമാണ്.സമുദ്രമത്സ്യസമ്പത്തിന്റെ സുസ്ഥിര ഉപയോഗത്തെ കുറിച്ചും സമുദ്ര ജൈവവൈവിധ്യം സംരക്ഷിക്കേണ്ടതിന്റെ പ്രാധാന്യത്തെ കുറിച്ചും പൊതുജനങ്ങളെ ബോധവൽക്കരിക്കുകയാണ് ഓപ്പൺ ഹൗസിലൂടെ സിഎംഎഫ്ആർഐ ലക്ഷ്യമിടുന്നത്.

# ട്രക്കുകൾക്കായി ടാറ്റാ മോട്ടോഴ്സിന്റെ ടർബോട്രോൺ 2.0 എഞ്ചിൻ

**കൊച്ചി:** ഇന്ത്യയിലെ മുൻനിര വാണിജ്യ വാഹന നിർമാതാക്കളായ ടാറ്റാ മോട്ടോഴ്സ് അത്യാധുനിക എഞ്ചിനായ ടർബോട്രോൺ 2.0 പുറത്തിറക്കി. 1942 ടൺ ശ്രേണിയിലുള്ള ട്രക്കുകളെ ഉദ്ദേശിച്ചാണിത്. തദ്ദേശിയമായി വികസിപ്പിച്ച ഈ എഞ്ചിന്റെ ഏറ്റവും വലിയ പ്രത്യേകതകളിൽ ഒന്ന് ഇന്ധന ക്ഷമതയാണ്. ഉപഭോക്താക്കളുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു രൂപകൽപ്പന ചെയ്തതാണ് ഈ എഞ്ചിൻ. ഇ കോമേഴ്സ്, ലോജിസ്റ്റിക്സ്, പാർസൽ ആൻഡ് കൊറിയർ എന്നിങ്ങനെയുള്ള വിവിധ വിഭാഗങ്ങൾക്ക് തികച്ചും അനുയോജ്യമാണിത്. മികച്ച പെർഫോമൻസും ഡ്രൈവിങ് അനുഭവവും ടർബോട്രോൺ 2.0 യെ ഉപഭോക്താക്കൾക്ക് പ്രിയങ്കരമാക്കുന്നു. ആകെ ചെലവിൽ വരുന്ന ഗണ്യമായ കുറവും നേട്ടങ്ങളുടെ കൂട്ടത്തിലുണ്ട്. വെല്ലുവിളി നിറഞ്ഞ ഭൂപ്രദേശങ്ങളിൽ 30 ലക്ഷം കിലോമീറ്ററും 70,000 മണിക്കൂറും നീളുന്ന കഠിനമായ പരീക്ഷണങ്ങൾക്ക് ഈ എഞ്ചിൻ വിധേയമായെന്ന് ടാറ്റാ മോട്ടോഴ്സ് പ്രസിഡന്റും ചീഫ് ടെക്നോളജി ഓഫിസറുമായ രാജേന്ദ്ര പെട്കർ പറഞ്ഞു.ബി. എസ് 6 ഫേസ് 2 എമിഷൻ മാനദണ്ഡങ്ങൾ പൂർണമായും പാലിക്കുന്നുണ്ട് ഈ എഞ്ചിൻ. ടർബോട്രോൺ 2.0 സിഗ്ന, അൾട്രാ, എൽ. പി. ടി, കൗൾ പ്ലാറ്റ്ഫോമുകളിൽ ലഭ്യമാണ്. ആറു വർഷത്തെ അല്ലെങ്കിൽ ആറു ലക്ഷം കിലോമീറ്ററിനുള്ള വാറന്റിയും കമ്പനി വാഗ്ദാനം ചെയ്യുന്നുണ്ട്.അഞ്ചു ലിറ്റർ ടർബോചാർജ്ഡ് ഡീസൽ എഞ്ചിന്റെ ഹോഴ്സ് പവർ 180204 വരെ നീളുന്നതാണ്. മികച്ച ഡ്രൈവിങ് അനുഭവം ഉറപ്പു വരുത്തുന്ന ഘടകങ്ങൾ വേറെയുമുണ്ട് ടർബോട്രോൺ 2.0 എഞ്ചിനിൽ. 700 മുതൽ 850 എൻ. എം വരെ നീളുന്ന ഫ്ലാറ്റ് ടോർക് കർവ് മികച്ച ട്രാക്ഷനും ഡൈവിങ് അനുഭവവും ഉറപ്പിക്കുന്നു. ഒരു ലക്ഷം കിലോമീറ്ററിന്റെ ഇടവേളയിൽ മാത്രം ആവശ്യമായി വരുന്ന സർവീസ് ഈ ഇനത്തിലുള്ള ചെലവ് ലാഭിക്കാൻ ഉപഭോക്താവിനെ സഹായിക്കുന്നു.



ഏറ്റവും പുതിയ സാങ്കേതിക വിദ്യകൾ സംയോജിപ്പിച്ചാണ് ടർബോട്രോൺ 2.0 യഥാർഥ്യമാക്കിയിരിക്കുന്നതെന്നും രാജേന്ദ്ര പെട്കർ പറഞ്ഞു. കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ ദൂരം താണ്ടാൻ ട്രക്കുകളെ പ്രാപ്തമാക്കുന്നതരത്തിൽ കരുത്തുറ്റതാണ് പ്രകടനം. ഉയർന്ന ഇന്ധനക്ഷമതയും പ്രവർത്തന മികവും രാജ്യത്തെ ട്രക്കിങ് വ്യവസായ മേഖലയിൽ പുതിയ നാഴികക്കല്ലാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ട്രക്കിങ് രംഗത്തുള്ള ഉപഭോക്താക്കളിൽ നിന്നുള്ള ഇൻപുട്ടുകൾ ഉപയോഗപെടുത്തിയാണ് ടർബോട്രോൺ 2.0 വികസിപ്പിച്ചെടുത്തതെന്നു ടാറ്റാ മോട്ടോഴ്സ് ട്രക്ക്സ് വിഭാഗം വൈസ് പ്രസിഡന്റും ബിസിനസ് ഹെഡുമായ രാജേഷ് കൗൾ പറഞ്ഞു. കുറഞ്ഞ ചെലവിൽ ഉയർന്ന വരുമാനമാണ് ഉപഭോക്താക്കൾക്ക് വാഗ്ദാനം ചെയ്യുന്നത്. മത്സരാധിഷ്ഠിതമായ ട്രക്കിങ് വ്യവസായ രംഗത്ത് വൻ മുൻതൂക്കം ഉപഭോക്താവിന് ലഭിക്കുമെന്നും അദ്ദേഹം പറഞ്ഞു.



# ബജറ്റ് 2024

## സബ്കാ സാഥി'ലൂടെ പാവപ്പെട്ടവരെ ശാക്തീകരിക്കും ; യുവാക്കൾക്ക് സഞ്ചിത നിധി

**ന്യൂഡൽഹി:** പാവപ്പെട്ടവരെ ശാക്തീകരിക്കുന്നത്തിലാണ് സർക്കാർ വിശ്വസിക്കുന്നതെന്ന് 2024 ലെ കേന്ദ്ര ഇടക്കാല ബജറ്റ് അവതരിപ്പിച്ചുകൊണ്ട്

കേന്ദ്ര ധനകാര്യ, കോർപ്പറേറ്റ് കാര്യ മന്ത്രി നിർമ്മല സീതാരാമൻ പ്രസ്താവിച്ചു.കഴിഞ്ഞ പത്തു വർഷത്തിനുള്ളിൽ ബഹുമുഖ ദാരിദ്ര്യത്തിൽ നിന്നും 25 കോടി ജനങ്ങളുടെ മോചനത്തിനു സഹായം നൽകാൻ 'സബ്കാ സാഥ്' എന്ന ലക്ഷ്യത്തിലൂടെ സാധിച്ചുവെന്നു ഇന്ന്

ഗുണഭോക്താകൾക്ക് നേരിട്ട് ആനുകൂല്യം നൽകുന്ന പദ്ധതിയുടെ കീഴിൽ, പിഎം ജൻ ധൻ അക്കൗണ്ടുകളിലൂടെ ഗവൺമെന്റിൽ നിന്നുള്ള 34 ലക്ഷം കോടി രൂപ വിതരണം ചെയ്തതു വഴി 2.7 ലക്ഷം കോടി രൂപ ഗവൺമെന്റിനു ലാഭിക്കാൻ കഴിഞ്ഞു. മുൻകാലങ്ങളിൽ നിലവിലുണ്ടായിരുന്ന ചോർച്ച ഒഴിവാക്കിയതിലൂടെയാണ് ഇതു സാദ്ധ്യമായത്.78 ലക്ഷം തെരുവുകച്ചവടക്കാർക്ക് പ്രധാനമന്ത്രിസ്വാനിധി വായ്പാ സഹായം നൽകിയിട്ടുണ്ട് അതിൽ നിന്ന് 2.3 ലക്ഷം പേർക്ക് മൂന്നാം തവണയും വായ്പ ലഭിച്ചുവെന്നും കേന്ദ്ര ധനമന്ത്രി പറഞ്ഞു.

അമ്പത് വർഷത്തെ പലിശ രഹിത വായ്പ ഉപയോഗിച്ച് ഒരു ലക്ഷം കോടി രൂപയുടെ സഞ്ചിത നിധി സ്ഥാപിക്കാൻ ധനമന്ത്രി നിർമ്മല സീതാരാമൻ ബജറ്റ് അവതരണ വേളയിൽ നിർദ്ദേശിച്ചു. പലിശരഹിതമായോ കുറഞ്ഞ പലിശയ്ക്കോ ദീർഘകാല സാമ്പത്തികസഹായവും പുനർ സാമ്പത്തികസഹായം സഞ്ചിത നിധിയിലൂടെ ഉറപ്പാക്കും. സാങ്കേതിക വിദഗ്ദ്ധരായ നമ്മുടെ യുവാക്കൾക്ക് ഇത് ഒരു സുവർണ്ണ കാലഘട്ടമായിരിക്കുമെന്നും യുവത്വവും സാങ്കേതികവിദ്യയും സമന്വയിക്കുന്ന പദ്ധതികൾ ആവശ്യമാണെന്നും അവർ പറഞ്ഞു. ഉയർന്നു വരുന്ന മേഖലകളിൽ ഗവേഷണവും നവീകരണവും ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് സഞ്ചിത നിധി രൂപീകരണം സ്വകാര്യമേഖലയെ പ്രോത്സാഹിപ്പിക്കുമെന്ന് ധനമന്ത്രി വ്യക്തമാക്കി.

## ഒരു കോടി കുടുംബങ്ങൾക്ക് പ്രതിമാസം 300 യൂണിറ്റ് വരെ സൗജന്യ വൈദ്യുതി



പുരപ്പുറ സൗരോർജ വൈദ്യുതീകരണം വഴി ഒരു കോടി കുടുംബങ്ങൾക്ക് പ്രതിമാസം 300 യൂണിറ്റ് വരെ സൗജന്യ വൈദ്യുതി ലഭ്യമാക്കുമെന്നും ധനമന്ത്രി പ്രഖ്യാപിച്ചു.പ്രധാനമന്ത്രി കിസാൻ സമ്പദ യോജന 38 ലക്ഷം കർഷകർക്ക് പ്രയോജനം ചെയ്യുകയും 10 ലക്ഷം തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു. പ്രധാൻമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് യോജന 2.4 ലക്ഷം സ്വയംസഹായ സംഘങ്ങളെയും അറുപതിനായിരം വ്യക്തികളെയും ക്രെഡിറ്റ് ലിങ്കേജുകൾ വഴി സഹായിച്ചു.സാങ്കേതിക വിദഗ്ധരായ യുവാക്കൾക്കായി അമ്പത് വർഷ കാലയളവിൽ ഒരു ലക്ഷം കോടി രൂപയുടെ പലിശ രഹിത വായ്പയ്ക്ക് സംവിധാനമൊരുക്കുമെന്ന് ധനമന്ത്രി പ്രഖ്യാപിച്ചു. ഇതുവഴി ദീർഘകാലവായ്പകളോ, ചെറിയ പലിശനിരക്കിലോ പലിശയില്ലാതെയോ ദീർഘ കാലത്തേക്ക് പുനർവായ്പകളോ ലഭ്യമാക്കുമെന്ന് അവർ അറിയിച്ചു. 'സൺറൈസ്' രംഗങ്ങളിൽ ഗവേഷണവും നവീകരണവും ഗണ്യമായി വർദ്ധിപ്പിക്കുന്നതിന് ഇത് സ്വകാര്യ മേഖലയെ പ്രോത്സാഹിപ്പിക്കുമെന്നും അവർ കൂട്ടിച്ചേർത്തു.

## അഞ്ച് വർഷത്തിനകം രണ്ട് കോടി വീടുകൾ കൂടി ഏറ്റെടുക്കും



സംരംഭകത്വ അഭിലാഷങ്ങൾ സാക്ഷാത്ക്കരിക്കുന്നതിന് പിഎം മുദ്ര യോജന വഴി 43 കോടി വായ്പകളിലൂടെ 22.5 ലക്ഷം കോടി രൂപ അനുവദിച്ചതായി അവർ അറിയിച്ചു. വനിതാ സംരംഭകർക്ക് മുപ്പത് കോടി മുദ്ര യോജന വായ്പകൾ അനുവദിച്ചു.പ്രധാനമന്ത്രി ആവാസ് യോജന (ഗ്രാമം) മൂന്ന് കോടി വീടുകൾ എന്ന ലക്ഷ്യം കൈവരിക്കാക്കാൻ പോവുകയാണെന്നും കുടുംബങ്ങളുടെ എണ്ണത്തിലെ വർദ്ധന മൂലമുണ്ടാകുന്ന ആവശ്യകത നിറവേറ്റുന്നതിനായി അടുത്ത അഞ്ച് വർഷത്തിനകം രണ്ട് കോടി വീടുകൾ കൂടി ഏറ്റെടുക്കുമെന്നും ധനമന്ത്രകി നിർമല സീതാരാമൻ പ്രഖ്യാപനങ്ങൾക്കൊപ്പം അറിയിച്ചു.

## സാമ്പത്തിക പ്രവർത്തനങ്ങളിലെ ശക്തമായ വളർച്ച വരുമാന ശേഖരണത്തിന് ഉത്തേജനമായി

സാമ്പത്തിക പ്രവർത്തനങ്ങളിലെ ശക്തമായ വളർച്ച വരുമാന ശേഖരണത്തിന് ഉത്തേജനം നൽകിയെന്നും ധനമന്ത്രി പ്രസ്താവിച്ചു. 2023 ഡിസംബറിൽ ചരക്കുസേവന നികുതി ശേഖരണം 1.65 ലക്ഷം കോടി രൂപയായി. ഇത് ഏഴാം തവണയാണ് മൊത്തം ജിഎസ്ടി വരുമാനം 1.6 ലക്ഷം കോടി രൂപ മറികടക്കുന്നത്.202425ൽ, കടമെടുപ്പ് ഒഴികെയുള്ള ആകെ വരവുകളും മൊത്തം ചെലവുകളും യഥാക്രമം 30.80 ലക്ഷം കോടി രൂപയും, 47.66 ലക്ഷം കോടി രൂപയുമായി കണക്കാക്കുന്നുവെന്നും അവർ പറഞ്ഞു. 26.02 ലക്ഷം കോടി രൂപയാണ് നികുതി വരുമാനം.സംസ്ഥാനങ്ങളുടെ മൂലധനച്ചെലവിനായി അമ്പത് വർഷത്തെ പലിശരഹിത വായ്പ പദ്ധതി ഈ വർഷവും തുടരുമെന്നും ഇതിനായി 1.3 ലക്ഷം കോടി രൂപ വകയിരുത്തിയതായും ധനമന്ത്രി സുപ്രധാന പ്രഖ്യാപനത്തിലൂടെ അറിയിച്ചു. വികസിത ഭാരതത്തിനായി സംസ്ഥാന സർക്കാരുകളുടെ പരിവർത്തനശ്രമങ്ങളെ പിന്തുണയ്ക്കുന്നതിന് 75,000 കോടി രൂപ അമ്പത് വർഷത്തെ പലിശ രഹിത വായ്പയായി ഈ വർഷം നിർദ്ദേശിച്ചിട്ടുണ്ട്.202425 ലെ ധനക്കമ്മി ജിഡിപിയുടെ 5.1 ശതമാനമായി കണക്കാക്കപ്പെടുന്നുവെന്നും ഇത് 202526 ഓടെ ധനകമ്മി 4.5 ശതമാനത്തിൽ താഴെയായി കുറയ്ക്കുന്നതിന് 202122 ലെ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച ധനപരമായ ഏകീകരണത്തിന്റെ പാതയിലാണെന്നും ധനമന്ത്രി നിർമല സീതാരാമൻ പറഞ്ഞു. സമാനമായി, 202425 കാലയളവിൽ ഡേറ്റഡ് സെക്യൂരിറ്റികൾ വഴിയുള്ള മൊത്ത, നെറ്റ് വിപണി വായ്പകൾ യഥാക്രമം 14.13 ലക്ഷം കോടി രൂപയും 11.75 ലക്ഷം കോടി രൂപയുമായി കണക്കാക്കുന്നു.



കടമെടുപ്പ് ഒഴികെ ആകെ വരവുകളുടെ പുതുക്കിയ എസ്റ്റിമേറ്റ് 27.56 ലക്ഷം കോടി രൂപയാണെന്നും, ഇതിൽ നികുതി വരുമാനം 23.24 ലക്ഷം കോടി രൂപയാണെന്നും ധനമന്ത്രി അറിയിച്ചു. ആകെ ചെലവിന്റെ പുതുക്കിയ എസ്റ്റിമേറ്റ് 44.90 ലക്ഷം കോടി രൂപയാണ്. 30.03 ലക്ഷം കോടി രൂപയുടെ റവന്യൂ വരുമാനം ബജറ്റ് എസ്റ്റിമേറ്റിനേക്കാൾ കൂടുതലായിരിക്കുമെന്ന് പ്രതീക്ഷിക്കുന്നു.201423 ലെ നേരിട്ടുള്ള വിദേശ നിക്ഷേപം 596 ബില്യൺ യുഎസ് ഡോളറായിരുന്നുവെന്നും, ഇത് ഒരു സുവർണ്ണ കാലഘട്ടത്തെ അടയാളപ്പെടുത്തുന്നുവെന്നും, ഇത് 2005 14 ലെ നിക്ഷേപത്തിന്റെ ഇരട്ടിയാണെന്നും ധനമന്ത്രി അറിയിച്ചു. സുസ്ഥിര വിദേശ നിക്ഷേപം പ്രോത്സാഹിപ്പിക്കുന്നതിന് 'ആദ്യം ഇന്ത്യ വികസിപ്പിക്കുക' എന്ന ആശയത്തിന്റെ അടിസ്ഥാനത്തിൽ നാം വിദേശ പങ്കാളികളുമായി ഉഭയകക്ഷി നിക്ഷേപ ഉടമ്പടികൾ ചർച്ച ചെയ്യുന്നു.കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ 'സബ്കാ കാ സാത്ത്' എന്ന ആശയത്തിലൂടെ 25 കോടി ജനങ്ങളെ ബഹുതല ദാരിദ്ര്യത്തിൽ നിന്ന് മോചിതരാകാൻ സർക്കാർ സഹായിച്ചതായി ധനമന്ത്രി അറിയിച്ചു.

## 40,000 ട്രെയിൻ ബോഗികൾ വന്ദേ ഭാരത് നിലവാരത്തിലാക്കും



റെയിൽവേയ്ക്കായി, മൂന്ന് പ്രധാന സാമ്പത്തിക റെയിൽവേ ഇടനാഴി പദ്ധതികൾ നടപ്പിലാക്കും 1) ഊർജം, ധാതു, സിമന്റ് ഇടനാഴികൾ, 2) തുറമുഖങ്ങളെ ബന്ധിപ്പിക്കുന്ന ഇടനാഴികൾ, 3) ഉയർന്ന ഗതാഗത സാന്ദ്രതയുള്ള ഇടനാഴികൾ. കൂടാതെ, യാത്രക്കാരുടെ സുരക്ഷയും സൗകര്യവും യാത്രാസുഖവും വർദ്ധിപ്പിക്കുന്നതിനായി നാൽപ്പതിനായിരം സാധാരണ ട്രെയിൻ ബോഗികൾ വന്ദേ ഭാരത് നിലവാരത്തിലേക്ക് ഉയർത്തും.ദ്രുതഗതിയിലുള്ള ജനസംഖ്യാ വർദ്ധനയും ജനസംഖ്യാപരമായ മാറ്റങ്ങളും മൂലം ഉണ്ടാകുന്ന വെല്ലുവിളികൾ വിശദമായി പരിഗണിക്കുന്നതിനായി സർക്കാർ ഉന്നതാധികാര സമിതി രൂപീകരിക്കുമെന്ന് ധമന്ത്രി നിർമല സീതാരാമൻ പ്രഖ്യാപിച്ചു.

# ബജറ്റ് 2024

# മൂലധന ചെലവ് 11,11,111 കോടി രൂപയാക്കും

അടുത്ത വർഷത്തെ മൂലധന ചെലവ് 11.1 ശതമാനം വർധിപ്പിച്ച് 11,11,111 കോടി രൂപയാക്കുമെന്നും ഇത് ജിഡിപിയുടെ 3.4 ശതമാനമായിരിക്കുമെന്നും ധനകാര്യ മന്ത്രി നിർമല സീതാരാമൻ പാർലമെന്റിൽ പ്രഖ്യാപിച്ചു.ഇന്ത്യയുടെ യഥാർത്ഥ ജിഡിപി 7.3 ശതമാനമായി വളരുമെന്ന് പ്രതീക്ഷിക്കുന്നു.ആഗോള സാമ്പത്തിക വെല്ലുവിളികൾക്കിടയിലും ഇന്ത്യൻ സമ്പദ്‌വ്യവസ്ഥ അതിജീവനശേഷി പ്രകടിപ്പിക്കുകയും ആരോഗ്യകരമായ വൻകിടസാമ്പത്തിക അടിത്തറ നിലനിർത്തുകയും ചെയ്തിട്ടുണ്ട്. അന്താരാഷ്ട്ര നാണയ നിധി (ഐഎംഎഫ്) 2023 ഒക്ടോബറിലെ വേൾഡ് ഇക്കണോമിക് ഔട്ട്ലുക്കിൽ (ഡബ്ല്യുഇഒ), 202324 സാമ്പത്തിക വർഷത്തെ ഇന്ത്യയുടെ സാമ്പത്തിക വളർച്ചാപ്രവചനം, 2023 ജൂലൈയിൽ പ്രവചിച്ച 6.1 ശതമാനത്തിൽ നിന്ന് 6.3 ശതമാനമായി ഉയർത്തി.ഐഎംഎഫന്റെ വിലയിരുത്തലുകൾ പ്രകാരം 2027ൽ ഇന്ത്യ മൂന്നാമത്തെ വലിയ സമ്പദ്‌വ്യവസ്ഥയാകാൻ സാധ്യതയുണ്ടെന്നും (വിപണി വിനിമയ നിരക്കിൽ യുഎസ് ഡോളർ പ്രകാരം) അഞ്ച് വർഷത്തിനകം ആഗോള വളർച്ചയിൽ ഇന്ത്യയുടെ സംഭാവന 200 അടിസ്ഥാന പോയിന്റുകൾ ഉയരുമെന്നും കണക്കാക്കുന്നു. കൂടാതെ, ലോകബാങ്ക്, ഐഎംഎഫ്, ഒഇസിഡി,എഡിബി തുടങ്ങിയ വിവിധ അന്താരാഷ്ട്ര ഏജൻസികൾ 202425ൽ ഇന്ത്യ യഥാക്രമം 6.4 ശതമാനം, 6.3 ശതമാനം, 6.1 ശതമാനം, 6.7 ശതമാനം എന്നിങ്ങനെ വളർച്ച കൈവരിക്കുമെന്ന് പ്രവചിക്കുന്നു.

## നികുതി മാറ്റം ഇല്ല

ഇടക്കാല ബജറ്റിൽ നികുതിയുമായി ബന്ധപ്പെട്ട ഒരു മാറ്റവും നിർദ്ദേശിച്ചിട്ടില്ല. നേരിട്ടുള്ള നികുതികൾക്കും ഇറക്കുമതി തീരുവ ഉൾപ്പെടെയുള്ള പരോക്ഷ നികുതികൾക്കും അതേ നിരക്കുകൾ നിലനിർത്തി. എന്നിരുന്നാലും, നികുതിയിൽ തുടർച്ച നൽകുന്നതിന്, സ്റ്റാർട്ടപ്പുകൾക്കും ഗവൺമെന്റ് ഫണ്ടുകൾക്കും (വെല്‍ത്ത് ഫണ്ട്) അല്ലെങ്കിൽ പെൻഷൻ ഫണ്ടുകൾ വഴിയുള്ള നിക്ഷേപങ്ങൾക്കും ചില നികുതി ആനുകൂല്യങ്ങൾ നൽകിയിട്ടുണ്ട്.ചില കഎഇ യൂണിറ്റുകളുടെ നിശ്ചിത വരുമാനത്തിന്മേലുള്ള നികുതി ഇളവുകളും 2025 മാർച്ച് 31 വരെ ഒരു വർഷത്തേക്ക് നീട്ടിയിട്ടുണ്ട്.

## നികുതി ആവശ്യങ്ങൾ പിൻവലിക്കൽ

നിസാരമായതും സ്ഥിരീകരിക്കാത്തതും പരിഹരിക്കപ്പെടാത്തതും തർക്കമുള്ളതുമായ ഒരു വലിയ എണ്ണം പ്രത്യക്ഷ നികുതി ആവശ്യങ്ങൾ ഉണ്ടെന്ന് നിർമ്മല സീതാരാമൻ പറഞ്ഞു, അവയിൽ പലതും വർഷം 1962 മുതൽ പഴക്കമുള്ളവയാണ്. അത്തരം കുടിശ്ശികയുള്ള പ്രത്യക്ഷ നികുതി ആവശ്യങ്ങൾ പിൻവലിക്കാൻ ഇടക്കാല ബജറ്റ് നിർദ്ദേശിക്കുന്നു. 200910 സാമ്പത്തിക വർഷം വരെയുള്ള കാലയളവിൽ 25000/ രൂപ വരെയും 201011 മുതൽ 201415 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ 10,000/ രൂപവരെയും ആണ് പിൻവലിക്കുക . ഇത് ഒരു കോടിയോളം നികുതിദായകർക്ക് ഗുണം ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നു.

## പ്രത്യക്ഷ നികുതി പിരിവ് മൂന്നിരട്ടിയായി

കഴിഞ്ഞ 10 വർഷത്തിനിടയിൽ പ്രത്യക്ഷ നികുതി പിരിവ് മൂന്നിരട്ടിയിലധികം വർധിച്ചതായും റിട്ടേൺ ഫയൽ ചെയ്യുന്നവരുടെ എണ്ണം 2.4 മടങ്ങായി വർധിച്ചതായും ധനന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു. നികുതി നിരക്കുകൾ ഗവൺമെന്റ് കുറയ്ക്കുകയും യുക്തിസഹമാക്കുകയും ചെയ്തിട്ടുണ്ട് എന്ന വസ്തുത അവർ എടുത്തുപറഞ്ഞു. അതുകാരണം പുതിയ നികുതി വ്യവസ്ഥയ്ക്ക് കീഴിൽ 7 ലക്ഷം രൂപ വരെ വരുമാനമുള്ളവർക്ക് നികുതി ബാധ്യതയില്ലാതെ ആയിട്ടുണ്ട് . റിട്ടേണുകളുടെ നിർവഹണത്തിന് വേണ്ടിവന്നിരുന്ന ശരാശരി സമയം 201314 വർഷത്തിൽ 93 ദിവസങ്ങൾ ആയിരുന്നത് ഈ വർഷം വെറും പത്ത് ദിവസമായി കുറഞ്ഞിരിക്കുന്നു .

## ജിഎസ്ടി നിർവഹണ ഭാരം കുറച്ചു

ജിഎസ്ടിയുടെ നികുതി അടിസ്ഥാനം ഇരട്ടിയിലധികം വർധിച്ചുവെന്നും ശരാശരി പ്രതിമാസ മൊത്ത ജിഎസ്ടി സമാഹരണം ഈ വർഷം ഏകദേശം ഇരട്ടിയായി 1.66 ലക്ഷം കോടി ആയതായും മന്ത്രി ചൂണ്ടിക്കാട്ടി. ജി എസ് ടി നിലവിൽ വന്നതിന് ശേഷമുള്ള 201718 മുതൽ 202223 വരെയുള്ള കാലയളവിൽ, സംസ്ഥാനങ്ങൾക്ക് നൽകിയ നഷ്ടപരിഹാരം ഉൾപ്പെടെ, സംസ്ഥാനങ്ങളുടെ എസ് ജി എസ് ടി വരുമാനം 1.22 എന്ന ഉയർന്ന നിലവാരം കൈവരിച്ചു. 2019 മുതൽ കഴിഞ്ഞ നാല് വർഷത്തിനിടയിൽ, ഇറക്കുമതി ഉൽപ്പന്നങ്ങൾ വിട്ടുകിട്ടുന്ന സമയം ഉൾനാടൻ കണ്ടെയ്നർ ഡിപ്പോകളിൽ 47 ശതമാനവും (71 മണിക്കൂർ )എയർ കാർഗോ കോംപ്ലക്സുകളിൽ 28 ശതമാനവും (44 മണിക്കൂർ ) കടൽതീര തുറമുഖങ്ങളിൽ 27 ശതമാനവും( 85 മണിക്കൂർ )കുറഞ്ഞതായും ധനമന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു.

# കൂടുതൽ മെഡിക്കൽ കോളജുകൾ ആരംഭിക്കും

**ന്യൂഡൽഹി :**പാർലമെന്റിൽ അവതരിപ്പിച്ച 202324 ലെ ഇടക്കാല ബഡ്ജറ്റിൽ കൂടുതൽ മെഡിക്കൽ കോളജുകൾ ആരംഭിക്കാനുള്ള നിർദ്ദേശം നിർമ്മലാ സീതാരാമൻ മുന്നോട്ടു വച്ചു.വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ആശുപത്രി സൗകര്യം ഉപയോഗിച്ചുകൊണ്ടായിരിക്കും പുതിയ മെഡിക്കൽ കോളജുകൾ ആരംഭിക്കുക. ഇക്കാര്യങ്ങൾ പഠിക്കാനും ആവശ്യമായ ശിപാർശകൾ നൽകാനുമായി ഒരു കമ്മിറ്റി രൂപീകരിക്കുമെന്ന് കേന്ദ്ര ധനകാര്യ മന്ത്രി പറഞ്ഞു. ഈ സംരംഭം യുവാക്കൾക്ക് ഡോക്ടർമാരാകാൻ അവസരം നൽകുക മാത്രമല്ല ജനങ്ങൾക്കുള്ള ആരോഗ്യ സേവനങ്ങൾ മെച്ചപ്പെടുത്തുകയും ചെയ്യും .ആശാ വർക്കർമാരെയും അംഗനവാടി വർക്കർമാരെയും ഹെൽപ്പർമാരെയും ആയുഷ്മാൻ ഭാരത് പദ്ധതിയിൽ ഉൾപ്പെടുത്തുമെന്നും ശ്രീമതി നിർമ്മലാ സീതാരാമൻ പ്രഖ്യാപിച്ചു.



# നാരി ശക്തിക്ക് ആക്കം കൈവരിച്ചു

കഴിഞ്ഞ 10 വർഷങ്ങളായി സംരംഭകത്വം,അനായാസകരമായ ജീവിതം, അന്തസ്സ് എന്നിവയിലൂടെ സ്ത്രീ ശാക്തീകരണത്തിന് ആക്കം കൈവന്നതായി 202425 ലെ ഇടക്കാല ബജറ്റ് ഇന്ന് പാർലമെന്റിൽ അവതരിപ്പിച്ചുകൊണ്ട് കേന്ദ്ര മന്ത്രി നിർമ്മല സീതാരാമൻ പറഞ്ഞു.വനിതാ സംരംഭകർക്ക് മുപ്പത് കോടിയുടെ മുദ്രാ യോജന വായ്പകൾ നൽകിയിട്ടുണ്ടെന്നും അവർ പറഞ്ഞു. പത്തുവർഷത്തിനിടെ ഉന്നതവിദ്യാഭ്യാസ രംഗത്തെ വനിതാ പ്രവേശനം ഇരുപത്തിയെട്ട് ശതമാനം വർധിച്ചു. STEM കോഴ്സുകളിൽ, രജിസ്റ്റർ ചെയ്യുന്നതിൽ നാൽപ്പത്തിമൂന്ന് ശതമാനം പെൺകുട്ടികളും സ്ത്രീകളുമാണ് ലോകത്തിലെ ഏറ്റവും ഉയർന്ന നിരക്കാണിത്. ഈ നടപടികളെല്ലാം തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ വർദ്ധിച്ചുവരുന്ന പങ്കാളിത്തത്തിൽ പ്രതിഫലിക്കുന്നു.

മുത്തലാഖ് നിയമവിരുദ്ധമാക്കുക, ലോക്സഭയിലും സംസ്ഥാന നിയമസഭകളിലും സ്ത്രീകൾക്ക് മൂന്നിലൊന്ന് സീറ്റുകൾ സംവരണം ചെയ്യുക, ഗ്രാമപ്രദേശങ്ങളിൽ പ്രധാനമന്ത്രി ആവാസ് യോജനയുടെ കീഴിൽ എഴുപത് ശതമാനത്തിലധികം വീടുകളുടെ ഉടമസ്ഥാവകാശം സ്ത്രീകൾക്ക് ഒറ്റയ്ക്കോ സംയുക്തമായോ നൽകുക എന്നിവ വഴി അവരുടെ അന്തസ്സ് വർദ്ധിപ്പിക്കാൻ കഴിഞ്ഞതായി ധനമന്ത്രി പറഞ്ഞു.

## ജനസംഖ്യാ വളർച്ച വികസിത് ഭാരത് ലക്ഷ്യത്തിനു വെല്ലുവിളി

വർദ്ധിച്ചു വരുന്ന ജനസംഖ്യാ വളർച്ചയും ജനസംഖ്യാപരമായ മാറ്റങ്ങളും 'വികസിത് ഭാരത് ' എന്ന ലക്ഷ്യത്തിനു വെല്ലുവിളിയാണെന്നു കേന്ദ്ര മന്ത്രി ശ്രീമതി നിർമ്മലാ സീതാരാമൻ. 202425ലെ ഇടക്കാല ബജറ്റ് പാർലമെന്റിൽ അവതരിപ്പിക്കുകയായിരുന്നു മന്ത്രി.

ജനസംഖ്യാ വർദ്ധനയും ജനസംഖ്യാപരമായ മാറ്റങ്ങളും മൂലം ഉണ്ടാകുന്ന വെല്ലുവിളികൾ സമഗ്രമായി പരിശോധിക്കാൻ ഒരു ഉന്നതാധികാര സമിതി രൂപീകരിക്കുമെന്ന് ശ്രീമതി നിർമല സീതാരാമൻ നിർദ്ദേശിച്ചു. മുകളിൽ പറഞ്ഞ വെല്ലുവിളികൾ മറികടക്കുന്നതിനാവശ്യമായി ശിപാർശകൾ സമർപ്പിക്കാൻ സമിതിയെ ചുമതലപ്പെടുത്തുമെന്നും മന്ത്രി കൂട്ടിച്ചേർത്തു

## ധവളപത്രം ഇറക്കും

ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയുടെ സ്ഥിതിയെക്കുറിച്ച്, '2014 വരെ നമ്മൾ എവിടെയായിരുന്നു, ഇപ്പോൾ എവിടെയാണ്. ആ വർഷങ്ങളിലെ കെടുകാര്യസ്ഥതയിൽ നിന്ന് പാഠം ഉൾക്കൊള്ളാൻ മാത്രം' എന്നതിൽ ഗവൺമെന്റ് ഒരു ധവളപത്രം പുറത്തിറക്കുമെന്ന് കേന്ദ്രമന്ത്രി പ്രഖ്യാപിച്ചു.

# ധനക്കമ്മി കുറച്ചു നിർത്താൻ കഴിഞ്ഞു

**മിനി നായർ**
(ചീഫ് ഫിനാൻഷ്യൽ ഓഫീസർ, ജിയോജിത് ഫിനാൻഷ്യൽ സർവീസസ്)

ധന കമ്മി പ്രതീക്ഷിച്ചതിലും കുറഞ്ഞ നിലയിൽ 5.1 ശതമാനമാക്കി കുറച്ചു നിർത്താൻ കഴിഞ്ഞു എന്നതാണ് ബജറ്റിന്റെ ഏറ്റവും വലിയ ശക്തി. . അടിസ്ഥാന സൗകര്യ വികസനത്തിലും പദ്ധതി ചെലവിലും ശ്രദ്ധ കേന്ദ്രീകരിച്ചത് ഗുണകരമാണ്. നിരവധി ഉപ വ്യവസായങ്ങൾ ബന്ധപ്പെട്ടു കിടക്കുന്നതിനാൽ ഗ്രാമീണ ഭവന പദ്ധതിക്കു നൽകിയ പ്രാധാന്യം നിർമ്മാണാത്മകമായ ഫലങ്ങൾ നൽകും. ഗവേഷണ, വികസന രംഗത്തെ പുതിയ കണ്ടു പിടിത്തങ്ങൾക്കായി ഒരു ലക്ഷം കോടി രൂപ ചിലവഴിക്കാൻ തീരുമാനിച്ചത് അങ്ങേയറ്റം പ്രയോജന പ്രദമാണ്. മൊത്തത്തിൽ ധന ഏകീകരണത്തിനും വലിയ തോതിലുള്ള സാമ്പത്തിക വികസനത്തിലുമുള്ള ഊന്നൽ തുടരുന്ന ബജറ്റാണിത്.

## സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഉത്തേജനം

**തോമസ് ജോസഫ് കെ.**
(എക്സിക്യൂട്ടീവ് വൈസ് പ്രസിഡന്റ് ആന്റ് ചീഫ് ബിസിനസ് ഓഫീസർ സൗത്ത് ഇൻഡ്യൻ ബാങ്ക്)

സാമ്പത്തിക വളർച്ച ഉറപ്പാക്കുമെന്ന വാഗ്ദാനത്തിൽ തന്നെ സർക്കാർ തുടരുമെന്നാണ് ഇടക്കാല ബജറ്റ് നൽകുന്ന സൂചന. 11.1 ലക്ഷം കോടി രൂപയുടെ റെക്കോഡ് മൂലധന ചെലവ് ആശ്വാസകരമാണ്. ഗതി ശക്തി പദ്ധതിയിലൂടെ ഗതാഗത രംഗത്തെ അടിസ്ഥാനസൗകര്യ വികസനം രാജ്യത്തുടനീളമുള്ള സാമ്പത്തിക പ്രവർത്തനങ്ങൾക്ക് ഉത്തേജനമാകും. ഊർജ്ജ രംഗത്ത് ശ്രദ്ധ പതിപ്പിക്കുന്നത് വ്യവസായ മേഖലയ്ക്ക് പ്രചോദനവും ആത്മവിശ്വാസവും നൽകും. മധ്യവർഗത്തിനുള്ള ഭവന പദ്ധതിയും, ക്ഷീര വികസനത്തിനുള്ള പദ്ധതികളും, എണ്ണക്കുരു ഉൽപ്പാദനം മെച്ചപ്പെടുത്തുമെന്ന പ്രഖ്യാപനവും, വിള ഇൻഷുറൻസുമെല്ലാം ഗ്രാമീണ സമ്പദ്‌വ്യവസ്ഥയ്ക്ക് കുതിപ്പേകും. ഇടക്കാല ബജറ്റ് ആണെങ്കിലും ഇന്ത്യയുടെ തുടർച്ചയായ സാമ്പത്തിക വളർച്ചയിൽ പ്രതീക്ഷയർപ്പിക്കാമെന്നതിന് ധനമന്ത്രി തെളിവുകൾ നിരത്തിയിട്ടുണ്ട്. ഗ്രാമീണ സമ്പദ്വ്യവസ്ഥയ്ക്ക് ഊന്നൽ നൽകുന്നത് നേരിട്ടല്ലാതെയുള്ള ഉപഭോക്തൃ സാധനങ്ങളുടെ ഡിമാന്റ് വർദ്ധിക്കുന്നതിനും മൊത്തം സമ്പദ് വ്യവസ്ഥയുടെ വളർച്ചയ്ക്കും സഹായകമാകും.

# ബജറ്റ് 2024

## സാമ്പത്തിക വളർച്ചക്ക് ഊന്നൽ

**ഡോ. വി കെ വിജയകുമാർ**
(ചീഫ് ഇൻവെസ്റ്റ്മെന്റ് സ്ട്രാറ്റജിസ്റ്റ്, ജിയോജിത് ഫിനാൻഷ്യൽ സർവീസസ്)

ജനപ്രിയമാകാൻ ശ്രമിക്കാതെ സാമ്പത്തിക വളർച്ചയ്ക്കും വികസനത്തിനും ഊന്നൽ നൽകുന്നു എന്നതാണ് ധനമന്ത്രി നിർമലാ സീതാരാമൻ അവതരിപ്പിച്ച ഇടക്കാല ബജറ്റിന്റെ മുഖമുദ്ര. പൊതുതിരഞ്ഞെടുപ്പിന് രണ്ട് മൂന്നു മാസങ്ങൾ മാത്രം മുന്നിൽ നിൽക്കുമ്പോൾ കൈയ്യടി ലഭിക്കാവുന്ന ജനപ്രിയ നിർദേശങ്ങൾ ധനമന്ത്രിക്ക് വെക്കാൻ കഴിയുമായിരുന്നു. അത് ചെയ്യാതെ സ്ഥിരതയോടു കൂടിയ സാമ്പത്തിക വളർച്ചയ്ക്കാണ് സർക്കാർ മുൻഗണന നൽകിയിരിക്കുന്നത്. അതുകൊണ്ടാണ് 2025 സാമ്പത്തിക വർഷത്തേക്കുള്ള ധനക്കമ്മി 5.1 ശതമാനമാക്കി നിർത്തിയിരിക്കുന്നത്. ഇത് തികച്ചും അപ്രതീക്ഷിതമാണ്. സാമ്പത്തിക വിദഗ്ധരുടെയെല്ലാം തന്നെ കണക്കുകൂട്ടൽ 2025 സാമ്പത്തിക വർഷത്തേക്കുള്ള ധനക്കമ്മി 5.3 ശതമാനത്തിനും 5.4 ശതമാനത്തിനുമിടയിലാകുമെന്നതായിരുന്നു. ധനക്കമ്മി ലക്ഷ്യം 5.1 ശതമാനത്തിൽ നിർത്തിയത് സർക്കാർ ധനകാര്യ അച്ചടക്കത്തിന് നൽകുന്ന ഊന്നലാണ് പ്രതിഫലിപ്പിക്കുന്നത്. ധനകാര്യ അച്ചടക്കത്തിന് ഊന്നൽ നൽകുന്നതു കൊണ്ട് തന്നെ വലിയ ചെലവു വരുന്ന പ്രഖ്യാപനങ്ങളൊന്നും ബജറ്റിൽ നടത്തിയിട്ടില്ല.ശ്രദ്ധേയമായ ഒരു നിർദേശം അടുത്ത അഞ്ച് വർഷങ്ങളിൽ ഗ്രാമീണ മേഖലയിൽ രണ്ടു കോടി വീടുകൾ നിർമിക്കുമെന്നതാണ്. ഇത് നിർമാണ വ്യവസായത്തിന് ഏറെ ഗുണകരമാണ്. കെട്ടിട നിർമാണം തൊഴിലവസരങ്ങളുണ്ടാക്കുമെന്നതിനാൽ ഇത് വൻതോതിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കെൽപുള്ള നിർദേശമാണ്. ഒരു ഇടക്കാല ബജറ്റിൽ ഗംഭീരമായ നിർദേശങ്ങളൊന്നും ഉണ്ടാകില്ല എന്ന വാക്ക് ധനമന്ത്രി പാലിച്ചിരിക്കുകയാണ്. അതുകൊണ്ടു തന്നെ പ്രത്യക്ഷ നികുതിയുടെ കാര്യത്തിലായാലും പരോക്ഷ നികുതിയുടെ കാര്യത്തിലായാലും പുതിയ പ്രഖ്യാപനങ്ങളൊന്നും ഇടക്കാല ബജറ്റിലില്ല. തിരഞ്ഞെടുപ്പിന് ശേഷം വരുന്ന സർക്കാരിന്റെ പൂർണ ബജറ്റിൽ അതെല്ലാം പ്രതീക്ഷിക്കാവുന്നതാണ്.

## സ്റ്റാർട്ടപ്പ് സംസ്കാരത്തെ പ്രോത്സാഹിപ്പിക്കും

**ഡോ.ആസാദ് മൂപ്പൻ**
(സ്ഥാപകൻ, ചെയർമാൻ ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ)

**കൊച്ചി:** 'ഇടക്കാല കേന്ദ്ര ബജറ്റ് ദരിദ്രർ, കർഷകർ, യുവാക്കൾ, സ്ത്രീകൾ എന്നിവർക്ക് പ്രത്യേക ശ്രദ്ധ നൽകിക്കൊണ്ട് ബഹുജനങ്ങളുടെ ഉന്നമനത്തിന് ഊന്നൽ നൽകുന്നു എന്നത് സന്തോഷകരമാണ്. 50 വർഷത്തെ പലിശ രഹിത വായ്പകൾക്കായി ഒരു ലക്ഷം കോടി രൂപ അനുവദിച്ചതിലൂടെ, ഇന്ത്യയിൽ ഇപ്പോൾ അഭിവൃദ്ധി പ്രാപിക്കുന്ന സ്റ്റാർട്ടപ്പ് സംസ്കാരത്തെ അത് പ്രോത്സാഹിപ്പിക്കും. ഈ നീക്കം ഇന്നത്തെ യുവാക്കളെ സംരംഭകരാകാൻ പ്രോത്സാഹിപ്പിക്കുകയും അവരുടെ വളർച്ചയ്ക്കൊപ്പം രാജ്യത്തിന്റെ വളർച്ചയിലും ശ്രദ്ധ കേന്ദ്രീകരിക്കുവാനും സാധിക്കും.ഹെൽത്ത് കെയറിൽ, ജിഡിപി വിഹിതം കുറഞ്ഞത് 5% ആയി ഉയരുമെന്ന് ഞങ്ങൾ പ്രതീക്ഷിച്ചിരുന്നു, പുതിയ സർക്കാരിന്റെ കീഴിൽ ഈ വർഷം ജൂലൈയിൽ പ്രഖ്യാപിക്കുന്ന സമ്പൂർണ്ണ ബജറ്റിൽ ഇത് പരിഹരിക്കപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു. വർദ്ധിച്ചുവരുന്ന ആവശ്യം നിറവേറ്റുന്നതിന് രാജ്യത്തെ എല്ലാ ജില്ലകളിലും കൂടുതൽ ആശുപത്രികൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത സർക്കാർ തിരിച്ചറിഞ്ഞതിൽ ഞങ്ങൾക്ക് സന്തോഷമുണ്ട്. ഇത് പരിഹരിക്കുന്നതിന് പൊതുസ്വകാര്യ പങ്കാളിത്തത്തിൽ (പിപപി) ശ്രദ്ധ കേന്ദ്രീകരിക്കാൻ ഞങ്ങൾ ശുപാർശ ചെയ്യുന്നു. എല്ലാ മാതൃശിശു ആരോഗ്യ സംരക്ഷണവും ഒരു പദ്ധതിക്ക് കീഴിൽ കൊണ്ടുവരുമ്പോൾ, പിപിപി മോഡൽ അത്യന്താപേക്ഷിതമായിവരും.നിലവിലുള്ള ആശുപത്രികളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനൊപ്പം കൂടുതൽ മെഡിക്കൽ കോളേജുകൾ തുറക്കാൻ സർക്കാർ പദ്ധതിയിടുന്നതായി കേൾക്കുന്നത് പ്രതീക്ഷ നൽകുന്നതാണ്.

നാളത്തെ മെഡിക്കൽ പ്രൊഫഷണലുകൾക്ക് അവരുടെ പടിഞ്ഞാറൻ രാജ്യങ്ങളിലെ സമാന സ്ഥാപനങ്ങളിലെ പ്രൊഫഷണലുകളെപ്പോലെ അത്യാധുനിക മെഡിക്കൽ വൈദഗ്ധ്യ രംഗത്തും, സാങ്കേതിക വിദ്യകളിലും പരിശീലനം ലഭിച്ചിട്ടുണ്ടെന്ന് ഉറപ്പാക്കാൻ, മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ സമഗ്രമായ പരിഷ്കരണവും ഇപ്പോൾ അടിയന്തിരമായി നടപ്പിലാക്കേണ്ട ആവശ്യമാണ്.

ഇന്ദ്രധനുഷ് മിഷന് കീഴിലുള്ള കുട്ടികൾക്കും ഗർഭാശയ അർബുദത്തിന് പെൺകുട്ടികൾക്കും പ്രതിരോധ കുത്തിവയ്പ്പ് നൽകുന്നതിനുള്ള ശക്തമായ പ്രേരണ രാജ്യത്ത് പ്രതിരോധ പരിചരണ നടപടികൾ ശക്തിപ്പെടുത്തുന്നതിന് വളരെയധികം സഹായിക്കും. സാംക്രമികവും സാംക്രമികമല്ലാത്തതുമായ രോഗങ്ങളുടെ വ്യാപ്തി കുറയ്ക്കാനും ഇത് സഹായിക്കും.

## എംഎസ്എംഇ ആശങ്കകൾക്ക് പരിഹാരം

**കെ പോൾ തോമസ്**
(എംഡി & സിഇഒ,ഇസാഫ് സ്മോൾ ഫിനാൻസ് ബാങ്ക്)

എംഎസ്എംഇ സംരംഭങ്ങളുടെ സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്നതിനായി ധനകാര്യ മേഖലയെ ഒരുക്കുമെന്ന പ്രഖ്യാപനം സ്വാഗതാർഹമാണ്. മത്സരാധിഷ്ഠിത നിരക്കിൽ വായ്പകൾ ലഭിക്കുന്നതിൽ എംഎസ്എംഇകൾക്കുള്ള ആശങ്കകൾക്ക് ഇത് പരിഹാരം നൽകും. ബാങ്ക് വായ്പാ ലഭ്യത സുഗമമാകുന്നതോടെ എംഎസ്എംഇകൾ ആഭ്യന്തര വിപണിയിലും രാജ്യാന്തര വിപണിയിലും കൂടുതൽ മത്സരക്ഷമമാകാൻ കഴിയുമെന്നതിനാൽ ഇതൊരു സുപ്രധാന തീരുമാനമാണ്. എങ്കിലും ഇത് നയരൂപരേഖയെ ആശ്രയിച്ചിരിക്കും. മൂലധന വായ്പകൾക്കും മറ്റു ഇളവുകൾക്കുമായി പുതിയ വഴികൾ തുറക്കുന്നതോടെ ഈ നയം എംഎസ്എംഇകൾക്ക് വളരെയധികം പ്രയോജനകരമാകുമെന്ന് ഉറപ്പാണ്. പിഎംഎവൈ പദ്ധതിയുടെ വിപുലീകരണം വീടുകളുടെ ക്ഷാമത്തിന് പരിഹാരമാകുന്നതോടൊപ്പം ഈ രംഗത്ത് ബാങ്കുകൾക്കും ഒരു അവസരമാകും. സ്വകാര്യ മേഖലയിൽ നൂതനാശയങ്ങൾക്ക് ദീർഘകാല പലിശ രഹിത ഫണ്ട് ലഭ്യമാക്കുന്നതും സ്വയം സഹായ സംഘങ്ങളിലൂടെ കൂടുതൽ വനിതാ സംരംഭകരെ സൃഷ്ടിക്കുന്നതിന് നൽകുന്ന ശ്രദ്ധയും സ്വാഗതാർഹമായ നീക്കമാണ്.

### ജിഡിപിക്ക് പുതിയ നിർവചനം

**വി.പി. നന്ദകുമാർ**
(എംഡി & സിഇഒമണപ്പുറം ഫിനാൻസ് ലിമിറ്റഡ്)

ഭരണം, വികസനം, പ്രകടനം എന്നിങ്ങനെ ജിഡിപിക്ക് പുതിയ നിർവചനം നൽകി ധനമന്ത്രി നിർമല സീതാരാമൻ 2047ഓടെ ഇന്ത്യയെ ഒരു വികസിത ഭാരതമാക്കി മാറ്റുന്നതിനുള്ള കൃത്യമായ വളർച്ചാ പാതയാണ് അവതരിപ്പിച്ചത്. ദീർഘകാല വികസനവും സുസ്ഥിര വളർച്ചയും ഉറപ്പാക്കുന്നതിന് സാമ്പത്തിക മുൻകരുതൽ തുടരാനുള്ള സർക്കാരിന്റെ തീരുമാനം ശ്ലാഘനീയമാണ്. പൊതു തിരഞ്ഞെടുപ്പ് അടുത്തെത്തിയ സാഹചര്യമാണെങ്കിലും ഈ ഇടക്കാല ബജറ്റ് സാമ്പത്തിക മുൻഗണനകളിൽ നിന്ന് വ്യതിചലിച്ചില്ല എന്നതും ശ്രദ്ധേയമാണ്.

### ധനക്കമ്മി മുൻകൂറായി വ്യക്തമാക്കി

**വെങ്കടരാമൻ വെങ്കടേശ്വരൻ**
(ഗ്രൂപ്പ് പ്രസിഡന്റ് & സിഎഫ്ഒ ഫെഡറൽ ബാങ്ക്)

അടുത്ത രണ്ട് വർഷത്തേക്കുള്ള ധനക്കമ്മി സർക്കാർ മുൻകൂറായി വ്യക്തമാക്കി എന്നതാണ് ഈ ഇടക്കാല ബജറ്റിന്റെ പ്രത്യേകത. നികുതിജിഡിപി അനുപാതം മെച്ചപ്പെട്ടിട്ടുണ്ട്.

ഇത് കൂടുതൽ ചെലവിടാനുള്ള ആത്മവിശ്വാസം നൽകുന്നതും ധനക്കമ്മി ആശങ്കമറികടക്കുന്നതിന് ഏറെ സഹായിക്കുന്നതുമാണ്. അടിസ്ഥാനസൗകര്യ വികസനത്തിനും താങ്ങാവുന്ന ചെലവിലുള്ള ഭവന നിർമാണത്തിനും ഊന്നൽ നൽകിയത് വലിയ പോസിറ്റീവ് സമീപനമാണ്. മൊത്തത്തിൽ വളർച്ചയെ അടിസ്ഥാനമാക്കിയുള്ളതാണ് ഈ ബജറ്റ്.

## പറവൂർ ബ്ലോക്ക് പഞ്ചായത്തിന്റെ 'പടവ്' സ്റ്റാർട്ടപ്പ് യാഥാർത്ഥ്യത്തിലേക്ക്

**കൊച്ചി :**പറവൂരിലെ ഐടി മേഖലയ്ക്ക് കരുത്തേകാൻ പറവൂർ ബ്ലോക്ക് പഞ്ചായത്ത് ഒരുക്കുന്ന 'പടവ്' സ്റ്റാർട്ടപ്പ് യാഥാർത്ഥ്യത്തിലേക്ക് അടുക്കുന്നു. ഐടി സംരംഭങ്ങളുടെ മേഖലയിലെ ഹബ്ബായി ബ്ലോക്ക് പഞ്ചായത്തിനെ മാറ്റാൻ ലക്ഷ്യമിട്ടുള്ള പദ്ധതിക്കായി 40 ലക്ഷം രൂപയാണ് ചിലവഴിക്കുന്നത്. നിർമാണ പ്രവർത്തനങ്ങൾ അന്തിമഘട്ടത്തിലാണ്.

വനിതാ ഘടക പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്ക് പഞ്ചായത്ത് അങ്കണത്തിലാണ് മൂന്ന് നിലയുള്ള സ്റ്റാർട്ട് അപ്പ് കെട്ടിടം സജ്ജമാക്കുന്നത്. സംസ്ഥാന ഐടി മിഷൻ, വ്യവസായ വകുപ്പ്, അസാപ് ഏജൻസി എന്നിവയുമായി ബന്ധപ്പെട്ടാണു സ്ഥാപനങ്ങളെ തെരഞ്ഞെടുക്കുക.

14 ഐടി സ്ഥാപനങ്ങൾക്കു ഇവിടെ പ്രവർത്തിക്കാൻ കഴിയും. ശീതീകരിച്ച മുറിയിൽ സ്ഥാപനങ്ങൾക്കുള്ള കാബിനുകൾ, ഇന്റർനെറ്റ് സൗകര്യം, കോൺഫറൻസ് ഹാൾ എന്നിവ ഒരുക്കിയിട്ടുണ്ട്. കാന്റീൻ, വനിതാ ജീവനക്കാർക്കു താമസിക്കാൻ ഹോസ്റ്റൽ എന്നീ സൗകര്യങ്ങളുമുണ്ട്. താഴത്തെ നിലയിൽ കാന്റീൻ, രണ്ടാം നിലയിൽ സ്റ്റാർട്ടപ്പ്, മൂന്നാം നിലയിൽ ഹോസ്റ്റൽ എന്നിങ്ങനെയാണു സജ്ജീകരിച്ചിരിക്കുന്നത്.

## ഉദ്ഘാടനത്തിന് ഒരുങ്ങി കിൻഫ്ര ഇന്റർനാഷണൽ എക്സിബിഷൻ കൺവെൻഷൻ സെന്റർ

**കൊച്ചി:** സംസ്ഥാന വ്യവസായി വകുപ്പിന്റെ കീഴിൽ കിൻഫ്രയുടെ നേതൃത്വത്തിൽ 90 കോടി രൂപ ചെലവിൽ കാക്കനാട് നിർമ്മിച്ച ഇന്റർനാഷണൽ എക്സിബിഷൻ സെന്ററിന്റെ ഉദ്ഘാടനം ഫെബ്രുവരി 4 വൈകിട്ട് മൂന്നിന് മുഖ്യമന്ത്രി പിണറായി വിജയൻ നിർവഹിക്കും. വ്യവസായ വകുപ്പ് മന്ത്രി പി രാജീവ് അധ്യക്ഷത വഹിക്കും.

എക്സിബിഷനുകൾ, വ്യവസായിക പ്രമോഷനുകൾ, കല കൗശല വസ്തുക്കളുടെ പ്രദർശനം, വ്യാപാരമേളകൾ, കോൺഫറൻസുകൾ, ബിനാലെ, എക്സ്പോ തുടങ്ങിയവയ്ക്കുള്ള ലക്ഷ്യസ്ഥാനമായാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. 90 കോടി രൂപ ചെലവിൽ 10 ഏക്കർ സ്ഥലത്താണ് പദ്ധതി നടപ്പിലാക്കുന്നത്. 55,000 ചതുരശ്ര അടി വിസ്തീർണ്ണം ഉള്ള പ്രദർശന ഹാൾ, 4500 ചതുരശ്ര അടി വിസ്തീർണ്ണം ഉള്ള ആറ് മോഡ്യൂളുകൾ ആയി നിർമ്മിച്ചിട്ടുള്ള എക്സിബിഷൻ സെന്റർ, ആധുനിക സെക്യൂരിറ്റി സംവിധാനങ്ങൾ കൂടാതെ വിശാലമായ പാർക്കിംഗ് എന്നീ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്.

കിൻഫ്ര ഇൻറർനാഷണൽ എക്സിബിഷൻ സെന്റർ സംസ്ഥാനത്തെ വ്യവസായിക, കാർഷിക മേഖലയിലെ യൂണിറ്റുകൾക്ക് പ്രദർശനത്തിനുള്ള സൗകര്യമൊരുക്കുന്നതിലൂടെ ദേശീയതലത്തിലും ആഗോളതലത്തിലും പുതിയ വിപണികൾ കണ്ടെത്തി പുത്തൻ അവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്യും.

ഹൈബി ഈഡൻ എംപി ഉദ്ഘാടന ചടങ്ങിൽ വിശിഷ്ട അതിഥിയാകും. ഉമ തോമസ് എംഎൽഎ മുഖ്യപ്രഭാഷണം നടത്തും. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി എം പി എം മുഹമ്മദ് ഹനീഷ് പ്രത്യേക പ്രഭാഷണം നടത്തും.